LIBRARY ARCHIVES Kerala Legislative Assembly

പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്നതിനുമായി ഒരു റിവർ ബേസിൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്. റിസർവോയറുകളിലെ സംയോജിതമായ പ്രവർത്തനങ്ങളിലൂടെ ഉചിതമായ പ്രളയ നിയന്ത്രണവും വരൾച്ചാ കാലഘട്ടങ്ങളിൽ പുഴകളിലേയ്ക്കാവശ്യമായ നീരൊഴുക്ക് ഉറപ്പുവരുത്തുന്നതുമായ നടപടികൾക്ക് റിവർ ബേസിൻ മാനേജ്മെന്റ് പ്ലാൻ ഉപകരിക്കുമെന്നതിനാൽ ഭാരതപ്പുഴയുടെ സുസ്ഥിരമായ പരിപാലനം സാധ്യമാകുന്നതാണ്. ആയതിലേയ്ക്കായി 'Development of Decision Support System for River Operation Management for Bharathapuzha Base' എന്ന പദ്ധതി ജലവിഭവ വകുപ്പ് പാലക്കാട് Indian Institute of Technology (IIT)-യെയും അതിന് താത്പര്യമുള്ള എഞ്ചിനീയറിംഗ് കോളേജുകളെയും പങ്കെടുപ്പിച്ചുകൊണ്ട് സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ശ്രീ. പി. മമ്മിക്കുട്ടി ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമാണ്. അത് വളരെ ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്.

### (3) കോമൺവെൽത്ത് ഹാൻഡ് ലൂമിന്റെ പ്രവർത്തനം

ശ്രീ. ഇ. കെ. വിജയൻ: സർ, 1844-ൽ സ്ഥാപിതമായ കോഴിക്കോട് കോമൺവെൽത്ത് ഹാൻഡ് ലൂംസ് എന്ന സ്ഥാപനം കേരള നിയമസഭ പാസ്സാക്കിയ ബിൽ പ്രകാരം ഹെറിറ്റേജ് ഇൻഡസ്ട്രിയായി പ്രവർത്തിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

വൈറ്റ് ഹൗസ്, ഫ്രഞ്ച് കൊട്ടാരം, ബ്രിട്ടീഷ് രാജ്ഞിയുടെ കൊട്ടാരം, രാഷ്ട്രപതി ഭവൻ, എയർ ഇന്ത്യ, ആഫ്രിക്കൻ രാജ്യങ്ങൾ എന്നീ പ്രദേശങ്ങളിൽ/മേഖലകളിലേയ്ക്കായിരുന്നു ഇവിടെ ഉത്പാദിപ്പിച്ച ഉത്പന്നങ്ങൾ എത്തിയിരുന്നത്. സ്വാതന്ത്ര്യത്തിനുശേഷമെടുത്ത നടപടിയുടെ ഭാഗമായി നടത്തിപ്പ് കമ്മിറ്റിയുടെ മിസ്‌മാനേജ്മെന്റുമൂലമാണ് ഈ സ്ഥാപനം തകർന്നത്. കോഴിക്കോടിന്റെ നഗര ഹൃദയത്തിലുള്ള ഭൂമി ഏത് വിലയ്ക്കും ഏറ്റെടുക്കാൻ ആളുകളുണ്ട്. അത് മനസ്സിലാക്കി ചിലർ ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ട്. ഓർഡിനൻസും ബില്ലും വന്നതിനുശേഷമാണ് വില്പന നടന്നത്. എൽ.ഡി.എഫ്.-ന്റെ ഭരണകാലമായ 2010-ൽ ശ്രീ. എളമരം കരീം വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഈ സ്ഥാപനം ഏറ്റെടുക്കാൻ ഓർഡിനൻസ് കൊണ്ടുവന്നത്. പിന്നീട് ബിൽ നിയമസഭയിൽ പാസ്സാക്കണമെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടു. 2012-ൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായപ്പോൾ ഈ ബിൽ

നിയമസഭയിൽ കൊണ്ടുവന്ന് ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. പലപ്പോഴും രാത്രികാലങ്ങളിൽ ഭൂമാഫിയ കെട്ടിടം പൊളിക്കാനുള്ള ശ്രമങ്ങൾ നടത്തിയപ്പോൾ സമരം ചെയ്യുന്ന തൊഴിലാളികളും നാട്ടുകാരും ചേർന്ന് അത് തടഞ്ഞു. 2017 മാർച്ച് 31-ന് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി വന്നു. സ്ഥാപനം അടച്ചുപൂട്ടിയത് തെറ്റാണെന്നും തൊഴിലാളികൾക്ക് എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നും ആവശ്യപ്പെട്ടു. ഈ നിയമത്തിന് 2018 ഫെബ്രുവരി 1-ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുകയും തുടർന്ന് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ വിഷയത്തിൽ ഇടപെട്ട് ഡൽഹിയിലെ കേരള റെസിഡന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി. അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ Kerala State Industrial Development Corporation (KSIDC)-യുടെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി പ്രസ്തുത സ്ഥാപനം ലാഭകരമായി നടത്താനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2014-ൽ പുരാവസ്തു വകുപ്പ് ഡയറക്ടർ ഈ സ്ഥാപനം സന്ദർശിക്കുകയും സംരക്ഷണ സ്മാരകമായി ഫാക്ടറിയെ നിലനിർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഫയൽ ജില്ലാ കളക്ടറെ ഏൽപ്പിച്ചു. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഇടപെട്ട് ഈ സ്ഥാപനം സംരക്ഷിക്കുന്നതിന് ജില്ലാ കളക്ടറോട് നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 11 വർഷമായി അവിടെ തൊഴിലാളികൾ നടത്തുന്ന സമരം കേവലം കൂലി കൂടുതലിനുവേണ്ടിയല്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഏടുകൾക്ക് സാമൂഹിക പ്രതിബദ്ധതയോടെ നേതൃത്വം കൊടുത്ത സഖാവ് പി. കൃഷ്ണപിള്ളയുടെ സാന്നിദ്ധ്യം അവിടെയുണ്ടായിരുന്നു. ആദ്യമായി രക്തപതാക ഉയർത്തിയത് അവിടെയാണ്. 11 വർഷത്തെ കാത്തിരിപ്പിനുശേഷം മൂന്ന് തൊഴിലാളികൾ മരണപ്പെട്ടു. 15 തൊഴിലാളികൾ പ്രായംകൂടിയവരായി മാറി. ബാക്കി തൊഴിലാളികളും ഏറെ പ്രയാസത്തിലാണ്. തൊഴിലാളികളുടെ പ്രശ്നത്തിന് പരിഹാരം കാണണം. ഇത് സർക്കാർ ഏറ്റെടുത്ത് ഹെറിറ്റേജ് ഇൻഡസ്ട്രിയായി പ്രവർത്തിപ്പിക്കണം. നേരത്തെ ഏറെ വിദേശ ടൂറിസ്റ്റുകൾ വരുമായിരുന്ന ഒരു സ്ഥാപനമാണിത്. ഹെറിറ്റേജ് ഇൻഡസ്ട്രിയായി വന്നുകഴിഞ്ഞാൽ അനന്തമായ സാധ്യതകളാണുണ്ടാകുന്നത്. കോഴിക്കോടിന്റെ മുഖച്ഛായയെന്ന് പറയുന്നത് മാനാഞ്ചിറ മൈതാനവും ടൗൺ ഹാളും കോമൺവെൽത്ത് ഹാൻഡ് ലൂംസുമാണ്. ഇപ്പോഴും ഭൂമി കൈവശപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ഇടക്കാലത്ത് ഭൂമി വാങ്ങിയവർ കോടതിയെ സമീപിച്ചിട്ടുണ്ട്. തൊഴിലാളികൾ അതിൽ കക്ഷിചേർന്നിട്ടുണ്ട്. ആ സ്റ്റേ ഒഴിവാക്കി ഈ ബില്ലിൽ സൂചിപ്പിച്ചതുപോലെ ഹെറിറ്റേജ് ഇൻഡസ്ട്രിയായി നടപ്പിലാക്കാനുള്ള എല്ലാ ശ്രമങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ഇ. കെ. വിജയൻ അവതരിപ്പിച്ച സബ്മിഷൻ അദ്ദേഹം തന്നെ മുമ്പ് നിവേദന രൂപത്തിൽ നൽകിയിട്ടുണ്ട്. ബഹുമാന്യനായ ടി. പി. രാമകൃഷ്ണൻ എം.എൽ.എ.-യും കോഴിക്കോട്ടുള്ള മറ്റ് എം.എൽ.എ.മാരും നിവേദനമായി നൽകിയിട്ടുള്ള വിഷയമാണിത്. 2009 മുതൽ പ്രവർത്തനം നിലച്ച കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റ് നെയ്ത്ത് ഫാക്ടറി ഏറ്റെടുത്ത് കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ ഇൻഡസ്ട്രിയൽ മ്യൂസിയമാക്കി മാറ്റുന്നതിന്, കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ആക്ട് 2012 കേരള നിയമസഭ പാസ്സാക്കി. അതിന് 2018 ഫെബ്രുവരി 1-നാണ് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത്. ഈ നിയമം 2018 ഫെബ്രുവരി 19-ന് ഗസറ്റിൽ വിജ്ഞാപനം ചെയ്തു. കോമൺവെൽത്ത് ട്രസ്റ്റ് ഇന്ത്യാ ലിമിറ്റഡിന്റെ കീഴിലുള്ള കോംട്രസ്റ്റ് ഹാൻഡ് ലൂം ഫാക്ടറി പുനഃസംഘടിപ്പിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഈ സ്ഥാപനത്തെ ഒരു വ്യവസായ മ്യൂസിയവും ഉത്പാദന കേന്ദ്രവുമാക്കി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ നിലനിർത്തുന്നതിനും വേണ്ടിയുള്ളതാണ് ഈ നിയമം. പ്രസ്തുത നിയമപ്രകാരം കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റിന്റെ കീഴിൽ കോഴിക്കോട് ടൗണിലുള്ള നെയ്ത്ത് ഫാക്ടറിയും അതിനോടനുബന്ധിച്ചുള്ള വസ്തുവകകളും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാക്കേണ്ടതും അതോടൊപ്പം കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതുമാണ്. 2012-ൽ ബിൽ നിയമസഭ പാസ്സാക്കുന്നതിനുമുമ്പ്, ആകെയുണ്ടായിരുന്ന 3.84 ഏക്കറോളം ഭൂമിയിൽ 2.8 ഏക്കർ ഭൂമി ഈ കാലയളവിനുള്ളിൽ ട്രസ്റ്റ് വിൽക്കുകയുണ്ടായി. വില്പന നടത്തിയ ഭൂമിയും നിയമപ്രകാരം കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറി ലഭിക്കേണ്ടതാണ്. 2018-ൽ ബില്ലിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് ഭൂമി വാങ്ങിയവർ കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും ഈ ആക്ടിന്മേൽ തുടർനടപടികൾ നിർത്തിവയ്ക്കുന്നതിന് ഇടക്കാല ഉത്തരവ് വാങ്ങുകയും ചെയ്തു. അതിനാൽ കോമൺവെൽത്ത് ട്രസ്റ്റിന്റെ കൈവശാവകാശം ഏറ്റെടുക്കുന്നതിനുമ്പർ ആക്ട് പറയുന്നതുപ്രകാരം നടപടികളുമായി മുന്നോട്ടുപോകുന്നതിനും സംസ്ഥാന സർക്കാരിനും കെ.എസ്.ഐ.ഡി.സി.ക്കും കാലതാമസം നേരിട്ടിരുന്നു. സംസ്ഥാന സർക്കാരും കെ.എസ്.ഐ.ഡി.സി.യും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ഈ നിയമത്തിന്റെ 35-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച് നിയമം നടപ്പിലാക്കുന്നതിനായി കരട് ചട്ടങ്ങൾ

തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഇത് പ്രസിദ്ധപ്പെടുത്താൻ സാധിച്ചിട്ടില്ല. സ്റ്റേ ഉത്തരവ് നീങ്ങുന്നുപ്രകാരം ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. 2009 ജനവരി മാസംവരെ പ്രവർത്തിച്ചിരുന്ന കോമൺവെൽത്ത് നെയ്ത്തുശാലയിൽ 254 തൊഴിലാളികളുണ്ടായിരുന്നു. എന്നാൽ പലവിധ കാരണങ്ങളാൽ സ്ഥാപനം നഷ്ടത്തിലായതിനെത്തുടർന്ന് വിവിധ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ voluntary retirement scheme പ്രകാരം ഭൂരിപക്ഷം തൊഴിലാളികളും ആനുകൂല്യം കൈപ്പറ്റി പിരിഞ്ഞുപോയെങ്കിലും താരതമ്യേന സർവ്വീസ് ദൈർഘ്യം കുറഞ്ഞ 107 തൊഴിലാളികൾ പിരിഞ്ഞു പോകാതെ സ്ഥാപനത്തിൽ തുടരുകയും ചെയ്തു. ആക്ട് നിലവിൽ വരുന്നതിനും പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്നതിനും മുമ്പുതന്നെ 25-7-2014-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരവും 2016 ഒക്ടോബർ 27-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരവും കോംട്രസ്റ്റിലെ ജീവിച്ചിരിക്കുന്നവരും 58 വയസ്സ് പൂർത്തിയാകാത്തവരുമായ 77 ജീവനക്കാർക്ക് ഇപ്പോൾ കെ.എസ്.ഐ.ഡി.സി. മുഖേന പ്രതിമാസം 5,000 രൂപ വീതം സമാശ്വാസ വേതനമെന്ന നിലയ്ക്ക് നൽകിവരുന്നുണ്ട്.

### (4) കരുവാറ്റ - ഓച്ചിറ ഭാഗത്തെ ഗതാഗതം സുരക്ഷിതമാക്കൽ

ശ്രീമതി യു. പ്രതിഭ: സർ, ദേശീയപാത എട്ട് കിലോമീറ്റർ കടന്നുപോകുന്ന മണ്ഡലമാണ് കായംകുളം. നിലവിൽ കരുവാറ്റ മുതൽ ഓച്ചിറ വരെയുള്ള ദേശീയപാതയിൽ അപകടകരമായ രൂപത്തിൽ കുഴികൾ രൂപപ്പെട്ടിരിക്കുകയാണ്. 2021 ജനവരി മാസം തന്നെ കുഴികൾ ചെറുതായി രൂപപ്പെടാൻ തുടങ്ങിയത് ദേശീയപാതാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അന്നത് ശരിയാക്കുന്നതിന് യാതൊരുവിധ നടപടിയും കൈക്കൊണ്ടില്ല. ഇപ്പോൾ ആ കുഴികൾ വലിയ ഗർത്തങ്ങളായി രൂപം കൊണ്ടിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തന്നെ അദ്ദേഹം വളരെ കർശനമായി ദേശീയപാതാ അതോറിറ്റിയോട് ഈ വിഷയം പറയുകയും അതിലിടപെടുകയും ചെയ്തത് എന്റെ സാന്നിദ്ധ്യത്തിൽ തന്നെയായിരുന്നു. എന്നാൽ ഇപ്പോഴും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് എൻ.എച്ച്.എ.ഐ. അറ്റകുറ്റപ്പണികൾ ചെയ്യാതെയിരിക്കുകയാണ്. എൻ.എച്ച്.എ.ഐ.യുടെ ഈ അനാസ്ഥ ജനങ്ങൾ അറിയുന്നില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly